(ഡി) പാട്ടത്തുക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.ബി.കെ. വ്യാവസായിക ആവശ്യത്തിനായി എടുത്തിട്ടുള്ള വായ്പ മുഴുവൻ വീട്ടുന്നതുവരെ പാട്ടവാടക ഈടാക്കുന്നത് മരവിപ്പിച്ചുകൊണ്ട് സർക്കാർ ജി. ഒ. (എംഎസ്.) 21/2003/എ. ഡി. തീയതി 27-1-2003 പ്രകാരം ഉത്തരവായിട്ടുണ്ട്.

വനഭൂമിയുടെ വിസ്തീർണ്ണം കുറയുവാനുള്ള കാരണം

102 [3384] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം എത്രയായിരുന്നു;

(ബി) കേരളപ്പിറവിക്കുശേഷം സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം എത്ര പ്രാവശ്യം തിട്ടപ്പെടുത്തിയിട്ടുണ്ടെന്നും ഓരോ പ്രാവശ്യം തിട്ടപ്പെടുത്തുമ്പോഴും വിസ്തീർണ്ണം എത്രയായിരുന്നു എന്നും വെളിപ്പെടുത്തുമോ;

(സി) വനഭൂമിയുടെ വിസ്തീർണ്ണം കുറയുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) നാളിതുവരെ എത്ര വിസ്തീർണ്ണം വനഭൂമിക്ക് പട്ടയം കൊടുത്തിട്ടുണ്ടെന്നും പത്ത് ഏക്കറിൽ കൂടുതൽ പട്ടയം നൽകിയിട്ടുള്ളത് ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ മൊത്തം വനവിസ്തൃതി 11221 ചതുരശ്ര കിലോമീറ്റർ ആണ്.

(ബി) സംസ്ഥാന രൂപീകരണത്തിനുശേഷം കേരളത്തിൽ വനവിസ്തൃതി നിർണ്ണയിച്ചിട്ടില്ല.

(സി) അനധികൃത വനം കൈയേറ്റംമൂലവും സർക്കാർ ആഭിമുഖ്യത്തിൽ വനഭൂമി വനേതരാവശ്യങ്ങളായ ജലവൈദ്യുത/ജലസേചന പദ്ധതികൾക്ക് നൽകുന്നത് വഴിയും ഇതര വികസന പ്രവർത്തനങ്ങൾക്ക് നൽകുന്നതുവഴിയുമാണ് വനവിസ്തൃതി കുറഞ്ഞിട്ടുള്ളത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കാൻ നടപടി

103 [3386] ശ്രീ. പി. ടി. തോമസ്:
,, വി. ബാലറാം:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഡി. സുഗതൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തോട്ടങ്ങളുണ്ടാക്കുന്നതിനായി പാട്ടത്തിന് വനഭൂമി ലഭിച്ചവർ വനഭൂമിയിൽ കയ്യേറ്റം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലത്ത് ഇത്തരം കയ്യേറ്റം നടത്തിയതായി കണക്കാക്കപ്പെട്ടിട്ടുണ്ട്;

(സി) ഈ ഭൂമി തിരിച്ചെടുക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒലവക്കോട് സർക്കിളിൽ നെൻമാറ ഡിവിഷന്റെ പരിധിയിൽപ്പെട്ട മീരാഫ്ളോറാ എസ്റ്റേറ്റ് 101.17 ഹെക്ടർ (250 ഏക്കർ) ഭൂമിയിൽ കയ്യേറ്റം നടത്തിയിരുന്നു.

(സി) കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി വനംവകുപ്പ് തിരിച്ചെടുത്തിട്ടുണ്ട്.

(ഡി) കയ്യേറ്റഭൂമി മുഴുവൻ തിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഴിപ്പിച്ച സ്ഥലത്തുണ്ടായിരുന്ന ഒരു കെട്ടിടം 2002-ലെ കോടതിയുടെ ഇടക്കാല ഉത്തരവുപ്രകാരം അവരുടെ കൈവശത്തിലാണ്. ഇതുസംബന്ധിച്ച് കേസ് കോടതിയിൽ നിലനിൽക്കുന്നു.

ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി വനഭൂമി കിട്ടുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ എടുത്ത തീരുമാനം

104 [3387] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുമതി ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള വനഭൂമി എത്ര ഹെക്ടറാണ്; ഈ ഭൂമി ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വനഭൂമി വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ എടുത്തിട്ടുള്ള തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം പരിശോധനയ്ക്കായി കേന്ദ്രത്തിൽ നിന്നും വന്ന ഡെലിഗേഷൻ അംഗങ്ങൾ ഏതൊക്കെ പ്രദേശങ്ങൾ സന്ദർശിച്ചു എന്ന് വ്യക്തമാക്കുമോ; പരിശോധന സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ച സ്ഥലത്തിനുപകരം ഭൂമി ചൂണ്ടിക്കാണിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാന സർക്കാർ പകരമായിട്ട് ഭൂമി കണ്ടെത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly